# ആർക്കുവേണ്ടിയാണ് ഈ തെമ്മാടിത്തം?

അല്ലറ ചില്ലറ ഇരുമ്പുസാധനങ്ങളുടെ കച്ചവടമാണ് വ്യവസായവൽക്കരണമെന്നാണോ യു.ഡി.എഫ്. ഭരണകൂടം കരുതുന്നത്. എന്തും ഏതും കച്ചവടം ചെയ്യാൻ തയ്യാറായ ഒരുകൂട്ടർ അധികാരത്തിലെത്തുമ്പോൾ ഇതല്ലാതെ മറ്റെന്തെങ്കിലും നടക്കുമെന്ന് വിശ്വസിക്കുന്നത് വിഡ്ഢിത്തമായിരിക്കും.

ഉമ്മൻചാണ്ടിയുടെ മന്ത്രിസഭയിൽ അംഗങ്ങളായ ലീഗുകാർ കൈയിൽ കിട്ടിയ വകുപ്പുകൾ ഉപയോഗിച്ച് ആരംഭിച്ച കച്ചവടത്തിന്റെ ഭാഗമാണ് കൊച്ചിയിലെ നിർദ്ദിഷ്ട 'ആകാശ നഗരം'. ഇതേപ്പറ്റി അറിഞ്ഞ മുഖ്യമന്ത്രിയുടെ പ്രഥമ പ്രതികരണം മന്ത്രിസഭയുടെ തീരുമാനമൊന്നും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ലെന്നായിരുന്നു. എന്നാൽ, വളരെ വേഗം അദ്ദേഹം അഭിപ്രായം തിരുത്തി. കസേര വലിച്ചിടാൻ പിന്നിൽ ലീഗുകാർ കാത്തുനിൽക്കുമ്പോൾ, ആയുസ്സിലും അധികാരത്തിലും ഉൽക്കണ്ഠയുള്ള ഒരു മുഖ്യമന്ത്രിക്ക് അങ്ങനെയല്ലേ പെരുമാറാനാകൂ. വിദ്യാഭ്യാസരംഗത്തെ മുച്ചൂടും മുടിച്ച് ഇറങ്ങിപ്പോയ എം.എ. ബേബിയുടെ കസേരയിൽ ഇരുപ്പുറപ്പിച്ച മാന്യദേഹം വിദ്യാഭ്യാസം പോയിട്ട് മണ്ണും പിണ്ണാക്കും ഏതെന്ന തിരിച്ചറിവില്ലെന്ന് ജനങ്ങളെ ബോധ്യപ്പെടുത്തിക്കൊണ്ടേയിരിക്കുകയാണ്. പുതിയ മന്ത്രി ഇറങ്ങിപ്പോയാലും മൃതശരീരമായിക്കഴിഞ്ഞ വിദ്യാഭ്യാസജീവിതത്തിന് മൃതസഞ്ജീവനി കൊണ്ടുവരാൻ ആർക്കും കഴിയില്ല.

ഇതിനിടയിലാണ് കൊച്ചിയിലെ ഒരു സ്വകാര്യ വ്യവസായ സംരംഭക സ്ഥാപനത്തിന് കൊച്ചിക്കായൽ പതിച്ചുകൊടുക്കാൻ പോകുന്നത്. ആർക്കുവേണ്ടിയാണ്, ഈ തെമ്മാടിത്തത്തിന് വ്യവസായ മന്ത്രിയും അദ്ദേഹത്തിന്റെ കിങ്കരന്മാരായ ഉദ്യോഗസ്ഥന്മാരും ഒരുമ്പെടുന്നത്? വർഷങ്ങൾക്കുമുൻപ്, കന്യാവനമായ സൈലന്റ്‌വാലിയെ നശിപ്പിക്കാൻ നടന്ന പരിശ്രമമാണ് ഈ ആകാശനഗര സംരംഭം ഓർമ്മിപ്പിക്കുന്നത്. അന്ന് ആ കൊലപാതകത്തെ തടയാൻ ഈ നാട്ടിൽ ആത്മാഭിമാനം വിറ്റു കാശാക്കാത്തവരുണ്ടായിരുന്നു. പ്രൊഫ. എം.കെ. പ്രസാദിനെയും സുഗതകുമാരിയെയും കെ.വി. സുരേന്ദ്രനാഥിനേയും പോലുള്ളവർ. അവർ നടത്തിയ നിരന്തരമായ പ്രക്ഷോഭണത്തിനൊടുവിലായിരുന്നു പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയുടെ പ്രതിനിധിയായി ഡോ. എം.കെ.കെ. മേനോൻ സൈലന്റ്‌വാലിയിലെത്തി അതിനെതിരെ റിപ്പോർട്ട് നൽകിയത്. അതോടെ സൈലന്റ്‌വാലി കോടാലിയിൽനിന്നും രക്ഷപ്പെട്ടു.

അതുപോലൊരു സംഭവമാണ്, മുൻ വി.എസ്. സർക്കാർ നിരാകരിച്ച ആകാശനഗരം പദ്ധതി. അത് വീണ്ടും മുട്ടപൊട്ടിച്ചു പുറത്തുവന്നിരിക്കുകയാണ്. തീർച്ചയായും ഇതിനുപിന്നിൽ യമകിങ്കരന്മാരായ പണച്ചാക്കുകൾ ഉണ്ടായിരിക്കും. അവർക്ക് പിണിയാളുകളായി ഭരണനൗക കൈയിലാക്കിയവർ അണിയറയിൽ ചരടുവലിക്കാൻ എത്തിയിട്ടുണ്ട്. അമ്മയുടെ താലി അറുത്താലും സ്വന്തം കീശ വീർത്തുകൊണ്ടേയിരിക്കണമെന്ന ഒറ്റ വിചാരമുള്ളവരാണ് അക്കൂട്ടർ. അമ്മയേയും സഹോദരിയേയും തിരിച്ചറിയാനാവാത്ത പിശാചുരൂപം കൈക്കൊണ്ട മനുഷ്യരുള്ളതുപോലെ എന്തും ഏതും കച്ചവടമാക്കുന്ന ഇക്കൂട്ടർക്കെതിരെ ജനങ്ങൾ ഉണരണം. പ്രൊഫ. എം.കെ. പ്രസാദ് സൂചിപ്പിച്ചതുപോലെ, "കായലിന് നമ്മൾ കാവലാവേണ്ട കാലം" എത്തിയിരിക്കുന്നു.

ആകാശ നഗരം ഏതാനും പേർക്ക് ധനികരാകാനുള്ള എളുപ്പവഴിയായിരിക്കാം. അതിനായി ഈ നാടിന്റെ മണ്ണും വെള്ളവും വായുവും വിൽക്കാൻ അനുവദിക്കുകയില്ലെന്ന് ഉറപ്പിക്കേണ്ട സമയമാണിത്. ■